## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.711** **11.07.2016 -ൽ മറുപടിക്ക്**

## കോർ റോഡ് നെറ്റ് വർക്ക് പദ്ധതി

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,,കെ.എസ്.ശബരീനാഥൻ**<br>**,, കെ.സി.ജോസഫ്**<br>**,, അൻവർ സാദത്ത്** | | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് കോർ റോഡ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കുന്നതിന് മുൻ ഗവൺമെൻറ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുളളത്; വിശദമാക്കാമോ; | (എ) ലോകബാങ്ക് കരാർ വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള തന്ത്ര പ്രധാനമായ (കോർ) റോഡു ശൃംഖല വികസിപ്പിക്കുന്നതിനു വേണ്ടിയും, അവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടിയുള്ള സ്ട്രാറ്റജിക് റോഡ് നെറ്റ് വർക്ക് പ്രോഗ്രാം നടപ്പാക്കുന്നതിനുള്ള പഠനങ്ങൾ നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മുൻ ചീഫ് സെക്രട്ടറി ശ്രീ.ബാബു ജേക്കബിനെ ക്ലയന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറായി ചുമതലപ്പെടുത്തി. ഈ പ്രോഗ്രാമിൽ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.<br><br>1. ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്താനുള്ള റോഡുകൾ കണ്ടെത്തി അവയെ ഉന്നത നിലവാരത്തിൽ പരിപാലിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത്.<br>2. പ്രസ്തുത റോഡു ശൃംഖല പരിപാലിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കൽ.<br>3. ഈ റോഡു ശൃംഖല ഉന്നത നിലവാരത്തിൽ പരിപാലിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പിനുള്ള പരിമിതികളും സാധ്യതകളും പരിശോധിച്ച് ഇതിനാവശ്യമായ പ്രത്യേക സംവിധാനങ്ങൾ പൊതുമരാമത്ത് വകുപ്പിനുള്ളിൽ തന്നെ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന്. ഇതിനു വേണ്ടി ഓരോ പ്രവർത്തനവും വിലയിരുത്തി വിദഗ്ധ പഠനം നടത്താൻ ക്ലയന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറെ സഹായിക്കുന്നതിന് മേൽപറഞ്ഞ ഓരോ വിഭാഗത്തിലും പ്രാവീണ്യം നേടിയ കൺസൾട്ടന്റുമാരെ ചുമതലപ്പെടുത്താനുള്ള അന്തർദേശീയ ദർഘാസുകൾ ക്ഷണിച്ച് മേൽ നടപടികൾ എടുത്തു വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഈ പ്രോഗ്രാമിന്റെ പ്രധാന ഉദ്ദേശ ലക്ഷ്യം സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിയ്ക്ക് ഏറ്റവും ആവശ്യമായ റോഡുകൾ ഉൾപ്പെടുന്ന ഒരു ശൃംഖലയുടെ അത്യാധുനികവും ഉന്നതവുമായ നിലവിലുള്ള വികസിപ്പിക്കലും പരിപാലനവുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | ഈ പ്രോഗ്രാം കെ.എസ്.ടി.പി യുടെ കരാറിൽ ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗ് വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ക്ലയന്റ് എക്സിക്യൂട്ടീവ് പ്രോഗ്രാം സ്പോൺസറെ നിയമിച്ച് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ